**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 254** **07-10-2024 - ൽ മറുപടിയ്ക്ക്**

**ശൈലി ആപ്പിന്റെ പ്രവർത്തന പുരോഗതിയും ആശാ വർക്കർമാരുടെ ഓണറേറിയവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ആശാ വർക്കർമാർ മുഖേന നടപ്പിലാക്കുന്ന ശൈലി ആപ്പിന്റെ പ്രവർത്തന പുരോഗതി വിശദമാക്കുമോ; | (എ) | ആർദ്രം മിഷന്റെ ഭാഗമായി മുപ്പത് വയസ്സിന് മുകളിൽ പ്രായമുള്ള വ്യക്തികളുടെ ജീവിതശൈലീ രോഗങ്ങളുമായി ബന്ധപ്പെട്ട ആരോഗ്യവിവരങ്ങൾ ശേഖരിക്കുന്നതിനുള്ള ജനസംഖ്യാധിഷ്ഠിത ജീവിതശൈലി രോഗ നിയന്ത്രണ പദ്ധതി ആദ്യഘട്ടം പൂർത്തിയാക്കി. വാർഷിക ആരോഗ്യ പരിശോധനയുടെ രണ്ടാംഘട്ടം സംസ്ഥാനത്ത് 2024 ജൂൺ മുതൽ ആരംഭിക്കുകയുണ്ടായി. ഇ-ഹെൽത്ത് വികസിപ്പിച്ചെടുത്ത ശൈലി എന്ന ആപ്ലിക്കേഷനിലൂടെ സംസ്ഥാനത്തെ 30 വയസ്സിനുമുകളിൽ പ്രായമുള്ള 1,77,30,149 പേരെയാണ് ഈ പദ്ധതിയിലൂടെ സർവ്വേ ചെയ്യാൻ ഉദ്ദേശിക്കുന്നത്. അതിൽ 32,98,122പേരുടെ സർവ്വേ ഇതിനോടകം പൂർത്തിയായിട്ടുണ്ട്. അതിൽ 15,88,427 പേർക്ക് ജീവിതശൈലീ രോഗങ്ങളുണ്ടാകുന്നതിനുള്ള റിസ്ക്ഫാക്ടർ അഥവാ ഹേതുക്കൾ ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്. 77,357 പേർക്ക് ക്യാൻസർ രോഗ സാധ്യതയും, 1,07,012 പേർക്ക് ടി.ബി. രോഗത്തിനുള്ള സാധ്യതയും, 1,44,481, പേർക്ക് ശ്വാസകോശ രോഗ സാധ്യതയും കണ്ടെത്തിയിട്ടുണ്ട്. 4,30,011 പേർക്ക് രക്താതിമർദ്ദം ഉള്ളതായും, 2,86,003 പേർക്ക് പ്രമേഹ രോഗമുള്ളതായും, 1,69,746 പേർക്ക് പ്രമേഹവും രക്താതിമർദ്ദവുമുള്ളതായും കണ്ടെത്തിയിട്ടുണ്ട്. ഈ സർവ്വേ സംസ്ഥാനത്തെ 14 ജില്ലകളിലും ആശാ പ്രവർത്തകരുടെ സഹായത്തോടുകൂടി നടന്നുവരുന്നുണ്ട്. സർവ്വേ നടത്തപ്പെടുന്ന ജനങ്ങളുടെ സ്ക്രീനിംഗ് അതാത് ജനകീയാരോഗ്യ കേന്ദ്രങ്ങളിൽ വച്ച് JPHN, JHI, MLSP എന്നിവരുടെ സഹായത്തോടുകൂടിയും കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ വച്ച് മെഡിക്കൽ ഓഫീസർ, സ്റ്റാഫ് നേഴ്സ് എന്നിവരുടെ സഹായത്തോടുകൂടിയും നടന്നു വരുന്നു. |

| | | | |
|---|---|---|---|
| (ബി) | ശൈലി ആപ്പ് സർവ്വേ നടത്തുമ്പോൾ എല്ലാ ഭാഗങ്ങളിലും ഇന്റർനെറ്റ് കണക്ഷൻ ലഭ്യമല്ലാത്തതിനാൽ ഉണ്ടാവുന്ന പ്രയാസങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ; | (ബി) | ശൈലീ സർവ്വേ നടക്കുന്ന സംസ്ഥാനത്തെ ചില പ്രദേശങ്ങളിൽ ഇന്റർനെറ്റ് കണക്റ്റിവിറ്റി ലഭിക്കുന്നില്ല എന്നുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇപ്രകാരം ഇന്റർനെറ്റ് സൗകര്യം ലഭിക്കാത്ത പ്രദേശങ്ങളിൽ സർവ്വേ നടത്തുന്നവർ ചോദ്യാവലി പേപ്പറിൽ എഴുതി പൂർത്തിയാക്കി നെറ്റ് സൗകര്യമുള്ള സ്ഥലത്തുവച്ച് അപ് ലോഡ് ചെയ്യുന്നതിനുള്ള നിർദ്ദേശം നല്കിയിട്ടുള്ളതാണ്. |
| (സി) | ശൈലി ആപ്പ് സർവ്വേ നടത്തുന്നതിനായി ആശാ വർക്കർമാർക്ക് നൽകിവരുന്ന തുക വർധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ; | (സി) | സർവ്വേ നടത്തപ്പെടുന്ന ഓരോ വ്യക്തിക്കും 5രൂപ വീതമാണ് ആശാ പ്രവർത്തകയ്ക്ക് ഇൻസെന്റീവായി ഇപ്പോൾ നൽകുന്നത്. അത് വർദ്ധിപ്പിക്കുന്നതിനുള്ള സാധ്യതയുണ്ടോ എന്ന കാര്യം പരിശോധിച്ച് വരുകയാണ്. |
| (ഡി) | ആശാ വർക്കർമാരുടെ ഓണറേറിയം കാലാനുസൃതമായി വർധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (ഡി) | ആശാ വർക്കർമാരുടെ ഹോണറേറിയം 2023 ഡിസംബർ മുതൽ 6000 രൂപയിൽ നിന്നും 7000 രൂപയായി ഉയർത്തിയിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ